സംസ്ഥാനത്തെ ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർക്കായി ചെലവഴിച്ച തുക

6 [1582] ഡോ. തോമസ് ഐസക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി നിലവിൽ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2000-2001 മുതൽ 2003-2004 വരെയുള്ള ഓരോ വർഷവും വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥർ സർവ്വീസിലുണ്ടായിരുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) ഇവർക്ക് മേൽപ്പറഞ്ഞ ഓരോ വർഷവും ശമ്പളവും അതിനോടൊപ്പമുള്ള അലവൻസുകളും നൽകിയതിലൂടെ ആകെ എന്തു തുക വീതം ഓരോ വർഷവും ചെലവ് വന്നുവെന്നറിയിക്കുമോ;

(ഡി) ശമ്പളത്തിനും അലവൻസിനും പുറമെ എത്ര തുക വീതം മേൽപ്പറഞ്ഞ ഓരോ വർഷവും യാത്രായിനത്തിൽ ഇവർക്ക് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ ഇവർ ഉപയോഗിക്കുന്ന സർക്കാർ വാഹനങ്ങൾക്കുള്ള പെട്രോൾ/ഡീസൽ ഇനത്തിൽ ആകെ എന്തു തുക വീതം ഓരോ വർഷവും ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) മുകളിൽ സൂചിപ്പിച്ച കാലയളവിൽ ഇവർക്ക് അനുവദിച്ചിട്ടുള്ള ടെലിഫോൺ, മൊബൈൽ എന്നിവയുടെ ചാർജ്ജുകൾ നൽകിയതിലൂടെ ഖജനാവിൽ നിന്നും എത്ര തുക വീതം ഓരോ വർഷവും ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി നിലവിൽ 118 ഐ.എ.എസ്. ഉദ്യോഗസ്ഥർ ഉണ്ട്.

(ബി) ഐ.എ.എസ്. കേഡറിൽ 2000-2001-ൽ 116-ഉം, 2001-2002-ൽ 114-ഉം, 2002-2003-ൽ 111-ഉം 2003-2004-ൽ ഇന്നേവരെ 118-ഉം പേർ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി സംസ്ഥാന കേഡറിൽ ഉണ്ട്.

(സി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly